LIBRARY ARCHIVES Kerala Legislative Assembly

നെല്ല് അരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടി

59 [370] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് വാങ്ങാൻ ആളില്ലാതെ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യ വകുപ്പ് നെല്ലെടുത്ത് അരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) പൊതുവിതരണ സമ്പ്രദായം തകർച്ചയിൽ എത്തിനിൽക്കുന്ന ഈ ഘട്ടത്തിൽ നല്ല അരി വിതരണം ചെയ്യുന്നതുവഴി റേഷൻകടകൾ പുനർജ്ജീവിപ്പിക്കാൻ കഴിയുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കും.

(ബി) കേരളത്തിൽ പൊതുവിതരണ സമ്പ്രദായം തകർച്ചയുടെ വക്കിലല്ല. അത് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നല്ലയിനം അരി തന്നെയാണ് റേഷൻകടകൾ വഴി ഇപ്പോഴും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

(സി) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തു വരുന്നു.

പാചകവാതക സിലിണ്ടറുകളിലെ ഗ്യാസിന്റെ തൂക്കം

60 [371] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക് കുരിക്കൾ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: